2. മേലില പഞ്ചായത്തിലെ ഇരങ്ങൂർ വാർഡിൽ ആലംകോട് ഏലാ തോടിന്റെ സംരക്ഷണ പണികൾ - 16-8-2013-ൽ പണിസ്ഥലം കരാറുകാരൻ ഏറ്റെടുത്തു. 15-12-2013-ൽ പൂർത്തീകരണ കാലാവധി അവസാനിച്ചു. നിരവധി തവണ അറിയിച്ചിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും ഉണ്ടായില്ല. ആയതിനാൽ മേൽ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

3. പി.എം.-ഉമ്മന്നൂർ പഞ്ചായത്തിൽ കമ്പംകോട് ചൂള ഭാഗത്ത് കളഞ്ഞിയിൽ ഏലാ തോടിനാകുകെ തടയണയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കടൽഭിത്തി നിർമ്മാണം

174(875) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എവിടെയെല്ലാം കടൽഭിത്തി നിർമ്മിച്ചുവെന്നും എന്ത് ഇനമാണ് വകയിരുത്തിയതെന്നും വിശദമാക്കുമോ?

ഉത്തരം

ഉത്തരം അനുബന്ധം ആയി ചേർക്കുന്നു.*

ഭൂജലപരിപോഷണം ജനകീയമാക്കൽ

175(876) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല പരിപോഷണം ജനകീയമാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഴക്കാലത്ത് മഴവെള്ളം പരമാവധി ഭൂമിയിലേയ്ക്ക് താഴ്ത്തി ഭൂജലനിരപ്പ് ഉയർത്തുകയും അതിന്റെ ഫലമായി വേനൽക്കാലത്ത് ഒരു പരിധിവരെ ജലക്ഷാമം കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, മഴക്കുഴികൾ, മേൽക്കൂരവഴിയുള്ള മഴവെള്ളം ശേഖരിച്ച് ഊറ്റം കിണറുകളിൽ റീചാർജ്ജ് ചെയ്യുന്ന പദ്ധതികൾ എന്നിവ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു.

(സി) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. ഭൂജല നിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ, ഊറ്റം കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 80 റീചാർജ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

ശുദ്ധജല സംരക്ഷണത്തിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ

176(877) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല സംരക്ഷണത്തിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) കിണർ റീചാർജിംഗ് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പദ്ധതികൾക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടോ;

(ഡി) കിണർ റീചാർജിംഗ് പദ്ധതിപോലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly